ബി. ഒ. ടി. വ്യവസ്ഥയിൽ പുതിയ പദ്ധതികൾ

127 [130] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ്സ് ചാഴികാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൻകീഴിൽ ബി.ഒ.ടി. വ്യവസ്ഥയിൽ പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സമയബന്ധിതമായി പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കണ്ണൂർ നഗരസഭയുടെ കീഴിൽ 23 കോടി രൂപ മുതൽ മുടക്കിൽ താവക്കര ബസ്റ്റാന്റ് നിർമ്മാണം, ചെങ്ങള പഞ്ചായത്തിൽ 2.50 കോടി രൂപാ മുതൽ മുടക്കിൽ ചെർക്കള ബസ് ടെർമിനൽ നിർമ്മാണം, ചങ്ങനാശ്ശേരി നഗരസഭയിൽ 5 കോടി രൂപാ മുടക്കി റിക്രിയേഷൻ സെന്റർ, വടകര നഗരസഭയിൽ 5 കോടി രൂപാ മുടക്കി പച്ചക്കറി മാർക്കറ്റ്, കുമ്പള പഞ്ചായത്തിൽ 1.50 കോടി രൂപാ മുടക്കി ബസ് ടെർമിനൽ, തിരൂർ മുനിസിപ്പാലിറ്റിയുടെ കീഴിൽ 5 കോടി രൂപാ മുടക്കി സ്റ്റേഡിയം കോംപ്ലക്സ്, ആറ്റിങ്ങൽ നഗരസഭയുടെ കീഴിൽ 7.25 കോടി രൂപാ മുടക്കിൽ ബസ് ടെർമിനൽ 2.25 കോടി രൂപാ മുടക്കി ആറ്റിങ്ങൽ ടൗൺ മാർക്കറ്റിന്റെ വികസനം, കോഴഞ്ചേരി പഞ്ചായത്തിൽ 1.25 കോടി രൂപാ മുടക്കി ബസ് ടെർമിനൽ വികസനം, കല്ലറ ഗ്രാമപഞ്ചായത്തിൻ കീഴിൽ 1 കോടി രൂപാ മുടക്കി കല്ലറ ബസ്സ്റ്റാന്റ് വികസനം, പത്തനംതിട്ട നഗരസഭയുടെ കീഴിൽ 17.50 കോടി രൂപാ മുടക്കി ശബരിമല ട്രാൻസിറ്റ് സ്റ്റേഷൻ വികസനം, കൊല്ലം വികസന അതോറിറ്റിയുടെ കീഴിൽ 6 കോടി രൂപാ മുടക്കിൽ ലിങ്ക് റോഡ്, കോഴിക്കോട് നഗരസഭയിൽ 5 കോടി രൂപാ മുടക്കിൽ മാർക്കറ്റ് കോംപ്ലക്സ്, 2.50 കോടി രൂപാ മുടക്കിൽ ആലുവ മാർക്കറ്റിന്റെ വികസനം, 2 കോടി രൂപാ മുതൽ മുടക്കിൽ കോഴിക്കോട് മാനാഞ്ചിറ പാർക്കിന്റെ പുനരുദ്ധാരണം, കോഴിക്കോട് നഗരസഭയിൽ 7 കോടി രൂപാ മുടക്കിൽ ഫാമിലി എന്റർടെയിൻമെന്റ് സെന്ററിന്റെ വികസനം, ഇടുക്കി വികസന അതോറിറ്റിയുടെ കീഴിൽ 6 കോടി രൂപാ മുടക്കി ബസ് സ്റ്റേഷൻ, കൊച്ചിയിൽ 12 കോടി രൂപാ മുടക്കിൽ ഇന്റഗ്രേറ്റഡ് ബസ് ടെർമിനൽ, 3.59 കോടി രൂപാ മുടക്കി കൊച്ചിയിൽ റോപ്പ് വേ, 5 കോടി രൂപാ മുടക്കിൽ കൊച്ചി നഗരസഭയിൽ പാർക്കിംഗ് പ്ലാസ തുടങ്ങിയ വിവിധ പദ്ധതികൾ ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നവയാണ്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതി (ബി.ഒ.ടി. സെൽ) ഇക്കാര്യത്തിനായി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഈ സമിതി സമയാസമയങ്ങളിൽ യോഗംകൂടി പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly